# NALUNNACKAL
# ST. ADAI'S CHURCH



**യാ**ക്കോബായ സഭയിൽ മോർ ആദായി ശ്ലീഹാ യുടെ നാമത്തിലുള്ള ഏക ദേവാലയമാണ് നാലുന്നാക്കൽ സെന്റ് ആദായിസ് യാക്കോബായ സുറിയാനിപള്ളി. ഈ പള്ളിയുടെ കാവൽപിതാവായ മോർ ആദായി ശ്ലീഹാ, തോമ്മാശ്ലീഹായുടെ ഇരട്ടസഹോദരനും എഴുപത്തിരണ്ട് അറിയിപ്പുകാരിൽ ഒരാളുമായിരുന്നുവെന്നു വിശ്വസിക്കപ്പെടുന്നു. ഈ വിശുദ്ധൻ സിറിയയിലെ ഉറഹാ പട്ടണത്തിന്റെ സുവിശേഷകനും ഒന്നാമത്തെ എപ്പിസ്കോപ്പയും ആയിരുന്നു.

എ.ഡി. 1865 മുതൽ മലങ്കരസഭയെ നയിച്ചിരുന്ന ചേപ്പാട്ട് മോർ ദീവന്നാസ്യോസ് 4–ാമന്റെ കാലത്താണ് നാലുന്നാക്കൽ ഒരു താൽക്കാലിക ദേവാലയം സ്ഥാപിച്ചത്. പുതുപ്പള്ളി സെന്റ് ജോർജ്ജ് ഇടവകയിൽ നിന്നും വാകത്താനം വലിയപള്ളി ഇടവകയിൽ കൂടിവന്ന പൂർവ്വ പിതാക്കന്മാരിൽ ചിലർ ഇവിടെ വന്ന് അന്നു കാടുപിടിച്ചു കിടന്ന ഈ സ്ഥലത്തെ കാടു വെട്ടിത്തെളിച്ച് കാലുനാട്ടി ഓലമേഞ്ഞ് നിർമ്മിച്ച താൽക്കാലിക ദേവാലയം അധികം താമസിയാതെ അഗ്നിക്കിരയായി. പിന്നീട് 1867 ഫെബ്രുവരി 2–ാം തീയതി (1042 മകരം 22) മോർ ആദായി ശ്ലീഹായുടെ നാമത്തിൽ പുതിയ പള്ളിക്ക് തറക്കല്ലിട്ടു.

ഈ പള്ളിയുടെ അടിസ്ഥാനശില അന്ത്യോഖ്യാ സിംഹാസനപ്രതിനിധി യൂയാക്കിം മോർ കൂറിലോസ് തിരുമേനി വാഴ്ത്തി അനുഗ്രഹിച്ചിട്ടുള്ളതാകുന്നു. പുതുപ്പള്ളി ഇളംതുരുത്തിൽ പീലിപ്പോസ് കശീശയാണ് ആ ശില ഇവിടെ കൊണ്ടുവന്ന് ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചത്.

മോർ ആദായിശ്ലീഹായുടെ ഓർമ്മ ഒക്ടോബർ 1–ാം തീയതി ആഘോഷിക്കുന്നതിനാണ് വി. സഭ ക്രമപ്പെടുത്തിയിരിക്കുന്നത്. എങ്കിലും ഈ ദേവാലയത്തിൽ കല്ലിട്ട പെരുനാളായി ഫെബ്രുവരി 4 ആചരിച്ചുവരുന്നു. ഈ പള്ളിയുടെ സ്ഥാപക ഉടമ്പടി 1055 മേടം 1–ാം തീയതി (എ.ഡി. 1880) ചങ്ങനാശേരി രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാകുന്നു. ഈ ഉടമ്പടി അനുസരിച്ച് ഇടവകാംഗങ്ങൾ കുടുംബസഹിതമായി ആജീവനാന്തം പാത്രിയർക്കീസ് ബാവായോടുള്ള അനുസരണയിൽ നടന്നുകൊള്ളാമെന്നും അതിനു വിരോധമായി പ്രവർത്തിക്കുന്നവർ 50 രൂപ പള്ളിനടയിൽ കെട്ടിവച്ച് പള്ളിമേലും പള്ളിവക സ്വത്തുക്കൾമേലും സകല അവകാശങ്ങളും ഒഴിഞ്ഞുപൊയ്ക്കൊള്ളാമെന്നും സമ്മതിച്ചും ഉടമ്പടി ചെയ്തിട്ടുള്ളവരാണ്. ഈ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ 1952 ലെ ഇടവക പൊതുയോഗം ഏകകണ്ഠമായി അംഗീകരിച്ച

ക്രമം അനുസരിച്ചും പൊതുയോഗം പാസ്സാക്കിയ നടപടിക്രമം അനുസരിച്ചും പള്ളി ഭരണം നിർവഹിച്ചു പോരുന്നു.

1867 – ൽ ആരംഭിച്ച പള്ളിക്കെട്ടിടത്തിന്റെയും പള്ളിമുറിയുടെയും പണി 12 വർഷംകൊണ്ടാണ് പൂർത്തീകരിച്ചത്. പൂർവ്വപിതാക്കന്മാരുടെ ദീർഘവീക്ഷണത്തിന്റെ ഫലമായി, പിൻതലമുറക്കാരുടെ കാലത്തും നിലനിൽക്കണമെന്ന സദുദ്ദേശ്യത്തോടുകൂടി ഒരു മീറ്റർ (1 1/4 കോൽ) വീതിയിലാണ് പള്ളി യുടെ ഭിത്തി പണിതിരുന്നത്. ഈ രീതിയിലുള്ള ബലവത്തായ പണിമൂലമാണ് പള്ളിപണി തീരാൻ 13 വർഷ ങ്ങൾ വേണ്ടിവന്നത്. പള്ളിമേട 1955 –ൽ പൊളിച്ചുപണിതു. ആരംഭകാലത്ത് ഈ പള്ളി ഇടവകയിൽ വൈദി കകർമ്മങ്ങൾ നിർവ്വഹിച്ചിരുന്നത് പുതുപ്പള്ളിയിൽ നിന്നുള്ള പട്ടക്കാരായിരുന്നു. കരിപ്പാൽ പുത്തൻപുരയിൽ കുര്യൻ കശീശ ആയിരുന്നു ഈ ഇടവകയിൽനിന്നുണ്ടായ ആദ്യത്തെ പട്ടക്കാരൻ. തുടർന്ന് വട്ടശ്ശേരിൽ ഗീവർഗീസ് മോർ ദീവന്നാസ്യോസിൽ നിന്നു പട്ടമേറ്റ ഇടത്തറ യേശു കത്തനാരും അധികം താമസിയാതെ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി സ്ലീബാ മോർ ഒസ്താത്തിയോസ് തിരുമേനിയിൽ നിന്നു പട്ടം സ്വീക രിച്ച കരിപ്പാൽ യാക്കോബ് കത്തനാരും ഈ ഇടവകയിലെ വികാരിമാരായി ഇവിടുത്തെ ആത്മീയ കാര്യ ങ്ങൾ നിർവ്വഹിച്ചു പോന്നു.

1928–ൽ അന്നത്തെ കോട്ടയം ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ മിഖായേൽ മോർ ദീവന്നാസ്യോസ് തിരുമേനി ഇടവക സന്ദർശനം നടത്തിയിരുന്നു. അന്ത്യോഖ്യാ സിംഹാസനത്തിൽ വാണിരുന്ന പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായ്ക്ക് 1932–ൽ പാലച്ചുവടിനു സമീപം സമുചിതമായ സ്വീക രണം നൽകുകയുണ്ടായി. ഈ സ്ഥലത്താണ് പരി. പിതാവിന്റെ നാമത്തിൽ 1957–ൽ സെന്റ് ഏലിയാസ് ചാപ്പൽ സ്ഥാപിച്ചിട്ടുള്ളത്.

ഇടത്തറ യേശു കത്തനാർ 1955–ൽ നിര്യാതനായി. തുടർന്ന് അദ്ദേഹത്തിന്റെ പുത്രൻ യാക്കോബ് കശീശ 1975 വരെ പള്ളിവികാരിയായിരുന്നു.

1967 ഒക്ടോബർ 18–ാം തീയതി സീനിയർ വികാരി കരിപ്പാൽ യാക്കോബ് കശീശയുടെ അദ്ധ്യക്ഷത യിലും ഇടത്തറ യാക്കോബ് കശീശയുടെ സാന്നിദ്ധ്യത്തിലും ഇടവക പൊതുയോഗം കൂടി, പഴയ പള്ളി പൊളിച്ച് പുതിയ പള്ളി പണിയുവാൻ തീരുമാനിച്ചു. 1973 മേയ് 5–ാം തീയതി പുതുക്കിപ്പണിത പള്ളിയുടെ കൂദാശയും പുനഃപ്രതിഷ്ഠയും കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കാബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നടന്നു. പള്ളിയുടെ പണിക്ക് നേതൃത്വം നൽകിയ ഇടത്തറ യാക്കോബ് കശ്ശീശ 1975 ഒക്ടോബർ 25–ാം തീയതി നിര്യാതനായി. അദ്ദേഹത്തിന്റെ സ്മരണയ്ക്കായി 1976– ൽ ഫാ. ജേക്കബ് മെമ്മോറിയൽ ആശുപത്രി സ്ഥാപിച്ച് പ്രവർത്തനം തുടങ്ങി. 1928–ൽ പള്ളിയുടെ ആഭിമുഖ്യത്തിൽ സ്ഥാപി ക്കപ്പെട്ടതാണ് സെന്റ് ആദായിസ് പ്രൈമറി സ്കൂൾ. 1946 –ൽ ഈ സ്കൂൾ ഗവൺമെന്റിലേക്ക് വിട്ടുകൊടു ത്തെങ്കിലും സെന്റ് ആദായിസ് എൽ.പി. സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു. 1982 ൽ പരി. പാത്രി യർക്കീസ് സാഖാ പ്രഥമൻ ബാവാ ഇടവക സന്ദർശിച്ച് അനുഗ്രഹിച്ചു.

1994 ഡിസംബർ 18 ന് പള്ളിയുടെ ഓഡിറ്റോറിയത്തിന് ഇടവക മെത്രാപ്പോലീത്ത പുണ്യശ്ലോകനായ പെരുമ്പള്ളിൽ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി ശിലാസ്ഥാപനം നിർവ്വഹിച്ചു. 1998 –ൽ കിഴ ക്കിന്റെ വലിയ മെത്രാപ്പോലീത്ത ഏബ്രഹാം മോർ ക്ലീമിസ് തിരുമനസ്സുകൊണ്ട് കൂദാശാകർമ്മം നിർവ്വഹി ച്ചു.

1932–ൽ പരിശുദ്ധ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മഞ്ഞിനിക്കരയിൽ കാലം ചെയ്തതു മുതൽ അദ്ദേഹത്തിന്റെ ഓർമ്മ ഈ ഇടവകയിൽ വെച്ചൂട്ടുനേർച്ചയോടുകൂടി അതിവിപുലമായി ആചരിച്ചുവരുന്നു. മണർകാട് കേന്ദ്രമായുള്ള കിഴക്കൻമേഖലാ മഞ്ഞിനിക്കര തീർത്ഥാടകർക്ക് ആണ്ടുതോ റും നേർച്ചസദ്യ നൽകിവരുന്നു.

ആദ്യകാലത്ത് സെന്റ് ആദായിസ് പ്രൈമറി സ്കൂളിലും പിന്നീട് പള്ളിയിലും സെന്റ് ഏലിയാസ് ചാപ്പ ലിലുമായി നടത്തിവന്ന സൺഡേസ്കൂളിനു സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കാൻ സാധിച്ചത് 2004–ൽ ആണ്. ഇപ്പോൾ 16 അദ്ധ്യാപകരും 196 വിദ്യാർത്ഥികളുമായി വളരെ വിജയകരമായി പ്രവർത്തനം നടത്തിവ രുന്നു. മേഖലാതലത്തിലും അഖിലമലങ്കര തലത്തിലും ഇവിടുത്തെ കുട്ടികൾ പ്രശംസനീയമായ വിജയം കൈവരിച്ചിട്ടുണ്ട്.

syrianchurch.org

പള്ളിയുടെ ആത്മീയ പ്രവർത്തനങ്ങൾ അനുദിനം പ്രശംസനീയമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആധുനിക രീതിയിലുള്ള ഒരു പാഴ്സണേജും ഓഫീസ് സമുച്ചയവും ആവശ്യമായി തീർന്നു. 2004 –ൽ കെട്ടിടസമുച്ചയം പണിയുന്നതിനു പൊതുയോഗ തീരുമാനമുണ്ടായി. 2004 ഡിസംബർ 19 –ാം തീയതി ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ ശ്രേഷ്ഠ കാതോലിക്കാ ബാവാ ശിലാസ്ഥാപനം നിർവ്വഹിക്കകയും ചെയ്തു. അതിന്റെ പണി ശീഘ്രഗതിയിൽ പുരോഗമിക്കുന്നു.

2006 ജൂലൈ 3–ാം തീയതി ഇടവകാംഗമായ റവ.ഫാ. ഡോ. ജോർജ്ജ് മാത്യുവിനെ ഗീവർഗീസ് മോർ കൂറിലോസ് എന്ന പേരിൽ മെത്രാപ്പോലിത്തയായി വാഴിക്കുകയും നിരണം ഭദ്രാസനത്തിന്റെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. ഈ ഇടവകയിൽ നിന്നുള്ള മൂലയിൽ കുര്യാക്കോസ് കോറെപ്പിസ്കോപ്പ, കോട്ട പ്പുറത്ത് ഫീലിപ്പോസ് കോറെപ്പിസ്കോപ്പ, ഫാ. മാത്യൂസ് ഇടത്തറ, ഫാ. ഉലഹന്നാൻ പാറപ്പാട്ട് എന്നിവർ സഭയിൽ സേവനം അനുഷ്ഠിച്ചുവരുന്നു. യശ്ശശരീരനായ റവ.ഫാ. സ്തേഫാനോസ് കൊല്ലകുളങ്ങരയെയും ഈ സന്ദർഭത്തിൽ സ്മരിക്കുന്നു. 2007 ഫെബ്രുവരിയിൽ ശെമ്മാശുപട്ടമേറ്റ ഡീക്കൻ ഗീവർഗീസ് പുത്തൻപുരയിൽ ഈ ഇടവകാംഗമാണ്.

ഈ ഇടവകാംഗമായ കൊച്ചുപുരയിൽ കെ.കെ. കുര്യന് പരി. പാത്രിയർക്കീസ് ബാവായുടെ കൽപ്പന പ്രകാരം 2006 സെപ്റ്റംബർ 17–ാം തീയതി ഷെവലിയാർ സ്ഥാനം നൽകി ആദരിക്കുകയുണ്ടായി. ഇന്ത്യാ ഗവൺമെന്റിന്റെ ഖേൽ രത്ന അവാർഡ് ജേതാവും ഒളിമ്പ്യനുമായ അഞ്ജു ബോബി ജോർജ്ജ് ഈ ഇടവ കാംഗമാണ്. ഇപ്പോൾ ഈ ഇടവകയിൽ വികാരിയായി ഫാ. കുര്യാക്കോസ് മണലേൽചിറയും, ഫാ. തോമസ് ജയിംസ് കണ്ടമുണ്ടാരിലും സേവനമനുഷ്ഠിക്കുന്നു.

ഈ ഇടവക 2002–ലെ യാക്കോബായ സുറിയാനി സഭാ ഭരണഘടന അംഗീകരിച്ച് പ. അന്ത്യോഖ്യാ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്നു.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org